LIBRARY ARCHIVES Kerala Legislative Assembly

വരൾച്ച നേരിടുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ

190 (2470) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) ടാങ്കറുകളിലും പൈപ്പുകളിലും വരൾച്ചക്കാലത്ത് വിതരണം ചെയ്തുവരുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(സി) വെള്ളത്തിന്റെ ഉപഭോഗം, ചൂഷണം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിച്ച സംവിധാനങ്ങൾ വ്യക്തമാക്കുമോ;

ഉത്തരം

(എ) സംസ്ഥാനത്ത് ജലക്ഷാമം നേരിടുന്നതിന് കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
2. കേടായ പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ
3. പമ്പ് സെറ്റുകൾ മാറ്റിവയ്ക്കുന്ന പ്രവൃത്തികൾ
4. വാട്ടർ ലൈനുകളിലുള്ള ലീക്കുകൾ മാറ്റുക
5. സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യതയനുസരിച്ച് പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുക.
6. തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് ജലം തിരിച്ചുവിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗ്യാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ലഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിത സമയത്ത് കുടിവെള്ളം നൽകുക മുതലായവ.

(ബി) ടാങ്കറുകളിൽ വരൾച്ചാകാലത്ത് വിതരണം ചെയ്യുവരുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ അതാത് പ്രൈമറി ഹെൽത്ത് സെന്ററുകളിലെ മെഡിക്കൽ ഓഫീസർ വാട്ടർ സാമ്പിളുകളുടെ രാസ, ഭൗതിക, ബാക്ടീരിയോളജി പരിശോധനകൾ നടത്തി പരിശോധനാ റിപ്പോർട്ട് അയച്ചുതരുന്നുണ്ട്. ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം നിശ്ചിത എണ്ണം വാട്ടർ സാമ്പിളുകൾ സൗജന്യമായി പരിശോധന നടത്തിവരുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം വിവിധ ശുദ്ധീകരണശാലകളിലെ ഗുണനിലവാര പരിശോധനാലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്. കൂടാതെ ഇപ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകളിൽ ശേഖരിച്ച് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചുവരുന്നു.

ഇപ്രകാരം പ്രവർത്തിക്കുന്ന 14 ജില്ലാതല ലാബുകളും എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സംസ്ഥാന ലാബും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വെള്ളത്തിന്റെ ഉപഭോഗം നിയന്ത്രിക്കുന്നതിന് ബൾക്ക് കൺസ്യൂമേഴ്സിന് കണക്ഷൻ നൽകുമ്പോൾ തന്നെ നിശ്ചിത തോതിൽ കൂടുകയില്ലെന്ന് എഗ്രിമെന്റ് വയ്ക്കാറുണ്ട്. ഇത്തരം ഉപഭോക്താക്കളുടെ ജല ഉപഭോഗം നിരീക്ഷിക്കുന്നുമുണ്ട്. ജലചൂഷണം തടയുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു.

കായംകുളം ദേശീയ ജലപാത

191 (2471) <u>ശ്രീ. സി. കെ സദാശിവൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ടൂറിസം പദ്ധതി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കായംകുളം ദേശീയ ജലപാതയിൽ നിന്നും ഡി.റ്റി.പി.സി. അമിനിറ്റി സെന്റർവരെയുള്ള ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിക്ക് എന്നാണ് കരാർ നൽകിയതെന്നും എത്ര കി.മി. നീളത്തിലും വീതിയിലും ആണ് ഉപജലപാത വീണ്ടെടുക്കുന്നതിള്ള ഡ്രഡ്ജിംഗ് നടത്തുന്നത് എന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly